Mathrubhumi മാതൃഭൂമി

29 November 2021

# കോണത്തുപുഴയിൽ കക്ക പുനർജീവന വിളവെടുപ്പ്

**കാഞ്ഞിരമറ്റം ▸** എറണാകുളം ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി കോണത്തുപുഴയിൽ കക്ക വിളവെടുപ്പ് തുടങ്ങി. കക്ക പുനർജീവന പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പ് 2019-ൽ കോണത്തുപുഴയിൽ കക്ക വിത്തിടീൽ നടത്തിയിരുന്നു. എന്നാൽ, കോവിഡ് വ്യാപനം രൂക്ഷമായിരുന്നതിനാൽ വിളവെടുപ്പു നടത്തിയിരുന്നില്ല. വിളവെടുപ്പ് ഉദ്ഘാടനം ജില്ലാ പഞ്ചായത്തംഗം കെ.വി. അനിത നിർവഹിച്ചു. ആമ്പല്ലൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് ബിജു തോമസ് അധ്യക്ഷത വഹിച്ചു. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ബിന്ദു സജീവ്, ആമ്പല്ലൂർ ഗ്രാമപ്പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാരായ ബിനു പുത്തേത്ത് മ്യാലിൽ, എം.എം. ബഷീർ, ജലജ മണിയപ്പൻ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നൗഷർ ഖാൻ, ഡോ. പി. ലക്ഷ്മി ലത, ഡോ. വിദ്യ ആർ., ഫിഷറീസ് ഓഫീസർ ആശാ ബാബു തുടങ്ങിയവർ പങ്കെടുത്തു.



എറണാകുളം ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി കോണത്തുപുഴയിൽ നടത്തിയ കക്ക വിളവെടുപ്പ് ജില്ലാ പഞ്ചായത്തംഗം കെ.വി. അനിത ഉദ്ഘാടനം ചെയ്യുന്നു